പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2066 18.06.2013 ൽ മറുപടിക്ക്

# റോഡ് സേഫ്റ്റി അതോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
| (എ) | റോഡ് സേഫ്റ്റി അതോറിറ്റിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | 2007 ലെ കേരള റോഡ് സുരക്ഷ അതോറിറ്റി ആക്ട് പ്രകാരം റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായം നല്കുക. റോഡപകടങ്ങൾക്ക് കാരണമാകുന്നവർക്കെതിരെ നിയമനടപടിയെടുക്കുക, എന്നിവയാണ് റോഡ് സുരക്ഷ അതോറിറ്റിയുടെ പ്രധാന ലക്ഷ്യങ്ങൾ. വിശദാംശങ്ങൾ ചുവടെ:-<br><br>(എ). റോഡ് സുരക്ഷാ നിയമങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക;<br><br>(ബി). റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുക;<br><br>(സി). റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക;<br><br>(ഡി). റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും, സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക; |

| | | | |
|---|---|---|---|
| | | | (ഇ). റോഡ് സുരക്ഷാ ഫണ്ടിന്റെ നടത്തിപ്പ്;<br><br>(എഫ്). റോഡ് സുരക്ഷാ പദ്ധതികളും, പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക;<br><br>(ജി). റോഡ് സുരക്ഷാ പ്രോജക്ടുകൾക്കു വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക;<br><br>(എച്ച്). റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക;<br><br>(ഐ). ട്രോമാകെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക;<br><br>(ജെ). അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക;<br><br>(കെ). റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക;<br><br>(എൽ). അതോറിറ്റിയുടെ നേതൃത്വത്തിൽ അപകടസ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക;<br><br>(എം). ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള മറ്റുചുമതലകൾ നിർവ്വഹിക്കുക; |
| (ബി) | അതോറിറ്റിയുടെ പ്രവർത്തനത്തിനായി ലഭിക്കുന്ന ഫണ്ട് വിനിയോഗിക്കുന്നത് ഏതെല്ലാം മേഖലകളിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | അതോറിറ്റിയുടെ ഫണ്ട് പ്രധാനമായും വിനിയോഗിക്കുന്നത് താഴെപ്പറയുന്ന മേഖലകളിലാണ്.<br>(എ). റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുകയും ചെയ്യുന്നതിന്.<br><br>(ബി). റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിക്കുക, പഠനങ്ങളും ഗവേഷണ പദ്ധതികളും നടപ്പിലാക്കുക തുടങ്ങിയവക്ക്.<br><br>(സി). റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്.<br><br>(ഡി). റോഡ് സുരക്ഷാ പ്രോജക്ടുകൾക്കു വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടി.<br><br>(ഇ). ട്രോമാകെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ വേണ്ടി.<br><br>(എഫ്). അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക് |
| (സി) | അതോറിറ്റിയുടെ പ്രവർത്തനം അപകടനിരക്ക് കുറയ്ക്കുന്നതിന് എത്രത്തോളം സഹായകരമാകുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (സി) | ഉണ്ട്; കേരള റോഡ് സുരക്ഷ അതോറിറ്റി നിലവിൽ വന്ന 2007 മുതൽ 2010 വരെ അപകടങ്ങൾ കുറഞ്ഞുവന്നിട്ടുണ്ട്.എന്നാൽ 2011,2012 വർഷങ്ങളിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. ആയത് കുറയ്ക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ